5937
27/11/18

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ലയിൽ റൂബി ബെഞ്ചമിൻ എന്ന കുട്ടിക്ക്, സഹപാഠി കല്ലെടുത്തെറിഞ്ഞതുമൂലം കാഴ്ച നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ബഹു. സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ : 4854/2018/റവ. തിരുവനന്തപുരം, തീയതി, 23.11.2018.

പരാമർശം:-
1. ബഹു. സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 10.06.2016-ലെ CRMP നം. 6013/04/LA1/2015/KESCPCR എന്ന നമ്പർ ഉത്തരവ്.
2. ശ്രീമതി. അൽഫോൺസ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 13.11.2018-ലെ അപേക്ഷ.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വള്ളികുന്നത്തെ ഹൈസ്കൂളിൽ പ്ലസ് ടു ക്ലാസ്സിലെ വിദ്യാർത്ഥിനിയായ റൂബി ബെഞ്ചമിൻ എന്ന കുട്ടിയെ സഹപാഠിയായ മുഹമ്മദ് സാബിർ കല്ലെടുത്തെറിഞ്ഞത് മൂലം കണ്ണിന് പരിക്ക് പറ്റുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്തു.

2. കാഴ്ച നഷ്ടപ്പെട്ട കുട്ടിക്കുവേണ്ടി സംസ്ഥാന ബാലാവകാശ കമ്മീഷൻ ഫയൽ ചെയ്ത കേസിൽ, വിക്ടിം കോമ്പൻസേഷൻ ആക്ട് പ്രകാരം കുട്ടിക്ക് 3 ലക്ഷം രൂപ നൽകാൻ പരാമർശം (1) പ്രകാരം ഉത്തരവായി. കേരള സർക്കാർ പണം നൽകാനാണ് ബാലാവകാശ കമ്മീഷൻ വിധിച്ചത്. കുട്ടിയുടെ ബന്ധുക്കൾ ഈ വിധിപ്പകർപ്പ് ഉൾപ്പെടുത്തി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ കുട്ടിക്ക് അനുവദിക്കുകയുണ്ടായി. എന്നാൽ ബാലാവകാശ കമ്മീഷൻ 3 ലക്ഷം രൂപയാണ് വിധിച്ചതെന്നും രണ്ട് ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും പരാമർശം 2 പ്രകാരം കുട്ടിയുടെ രക്ഷിതാവ് അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി റൂബി ബെഞ്ചമിൻ എന്ന കുട്ടിക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ കൂടി അനുവദിക്കുവാനും പ്രസ്തുത തുക കൂടുതൽ പ്രതിമാസ പലിശ ലഭിക്കുന്നതരത്തിൽ ദീർഘകാല ഡെപ്പോസിറ്റായി (ആദ്യ ഘട്ടത്തിൽ 10 വർഷത്തേയ്ക്കും തുടർന്നുള്ള കാലയളവ് സാഹചര്യം വിലയിരുത്തി തഹസിൽദാർക്ക് ഉചിതമായ തീരുമാനം എടുക്കാം എന്ന വ്യവസ്ഥയിലും) തഹസിൽദാറുടെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാനും പൊതുമേഖലാ ബാങ്കിലോ പോസ്റ്റോഫീസിലോ പ്രാഥമിക സഹകരണ ബാങ്കിലോ നിക്ഷേപിച്ച് പ്രതിമാസ പലിശ കുമാരി. റൂബി ബഞ്ചമിൻ എന്ന കുട്ടിക്ക് ലഭ്യമാക്കുവാനും ചേർത്തല തഹസിൽദാർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായിവരുന്ന തുക *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ സ്വീകരിച്ച നടപടി ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത. എൽ,
സ്പെഷ്യൽ സെക്രട്ടറി.

കുമാരി റൂബി ബഞ്ചമിൻ, D/o ശ്രീമതി. ഐഡാമ്മ,
കൊല്ലാറ ഹൗസ്, അർത്തുങ്കൽ പി.ഒ., ചേർത്തല,
ആലപ്പുഴ, പിൻ - 688 530.

ജില്ലാ കളക്ടർ, ആലപ്പുഴ

തഹസിൽദാർ, ചേർത്തല

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.